പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2767 20.07.2011 ൽ മറുപടിയ്ക്ക്

കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.കെ.ടി.ജലീൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. എത്ര സെന്റ് വരെ കൃഷിസ്ഥലമുള്ള കർഷകർക്കാണ് ഇപ്പോൾ കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ, 01.08.1995 മുതൽ നെൽകൃഷിക്ക് പൂർണ്ണമായും (കൃഷി ഭൂമിയുടെ വിസ്തൃതിയ്ക്ക് പരിധിയില്ലാതെ) വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്. 01.04.1997 മുതൽ രണ്ടു ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷികവിളകൾക്കുംകൂടി മുൻകാല പ്രാബല്യത്തോടെ വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്. എന്നാൽ കണക്ഷൻ ലഭിക്കുന്നതിനുള്ള ഏതെങ്കിലും ചാർജ്ജോ, ഫീസോ ഉണ്ടെങ്കിൽ അതും സെക്യൂരിറ്റി ഡെപ്പോസിറ്റും കർഷകർ വൈദ്യുതി ബോർഡിൽ അടയ്ക്കേണ്ടതാണ്. |
| ബി. 25 സെന്റ് സ്ഥലമുള്ള കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി & |
| സി. അവർക്കും കാർഷികാവശ്യത്തിനുള്ള കണക്ഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ? | സി. 06.11.2006 ലെ ഉത്തരവുപ്രകാരം താഴെ പറയുന്ന വിഭാഗങ്ങൾക്ക് കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br>1) 30 സെന്റിൽ കുറയാത്ത വസ്തുവിൽ 75 ശതമാനം വിസ്തൃതിയിൽ കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന്.<br>2) 10 സെന്റിൽ കുറയാത്ത വിസ്തൃതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന്.<br>3) 5 സെന്റിൽ കുറയാത്ത വിസ്തൃതിയിൽ വെറ്റില കൃഷി ചെയ്യുന്നതിന്. |

സെക്ഷൻ ഓഫീസർ